## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 922** — 25/01/2018-ൽ മറുപടിയ്ക്ക്.

### ക്ഷീരോത്പാദന വർദ്ധനയ്ക്കായി ഗിർ പശുക്കളെ കൊണ്ടുവരുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ. എ. നെല്ലിക്കുന്ന് | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരോല്പാദനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ; | (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിതസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷക ക്ഷേമ നിധിയുടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകി വരുന്നു. |
| (ബി) | ഗുജറാത്തിൽ നിന്ന് ഗിർ പശുക്കളെ എത്തിക്കുന്നതിന് തീരുമാനിച്ചിരുന്നോ ; | ബി) | തീരുമാനിച്ചിരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത തീരുമാനപ്രകാരം ഗിർ പശുക്കളെ ഗുജറാത്തിൽ നിന്ന് എത്തിച്ചിട്ടുണ്ടോ; | (സി) & (ഡി) | എത്തിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ എത്ര പശുക്കളെയാണ് എത്തിച്ചതെന്നും ഇതിനു ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഇ) | ഇല്ലെങ്കിൽ ഗിർ പശുക്കളെ എത്തിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ? | (ഇ) | ബഹു.വനം മൃഗസംരക്ഷണ മന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പ് സെക്രട്ടറിയും മറ്റ് വകുപ്പ് മേധാവികളും 2017 ജൂലൈ മാസത്തിൽ ഗുജറാത്ത് സന്ദർശിച്ച്, ഗുജറാത്തിലെ മൃഗസംരക്ഷണ വകുപ്പ് മന്ത്രി, വകുപ്പ് ഡയറക്ടർ എന്നിവരുമായി ഈ വിഷയത്തിൽ ചർച്ചകൾ നടത്തുകയുണ്ടായി. ഗിർ പശുക്കളെ ഗുജറാത്തിലെ കർഷകരുടെ ഇടങ്ങളിൽ നിന്നും വിലയ്ക്ക് വാങ്ങുന്നതിന് ഗുജറാത്ത് സർക്കാർ എല്ലാ സഹായവും വാഗ്ദാനം ചെയ്യുകയുമുണ്ടായി. എന്നാൽ ഗുജറാത്തിൽ നിന്നും വിവിധ സംസ്ഥാനങ്ങൾ കടന്ന് കേരളത്തിലേയ്ക്ക് ഇവയെ എത്തിക്കുന്ന കാര്യത്തിൽ സാങ്കേതിക തടസ്സങ്ങൾ ധാരാളമുള്ളതിനാൽ ഇക്കാര്യം നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ.